പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, ഹയർസെക്കന്ററി വിഭാഗം,
ഹൗസിങ് ബോർഡ് ബിൽഡിങ്സ്,
ശാന്തിനഗർ, തിരുവനന്തപുരം
ഫോൺ: 0471-2323198

**നം.എസിഡി എസ്.പി.സി(1)/123582/2018/എച്ച്.എസ്.ഇ. തീയതി. 10/02/2020**

## അറിയിപ്പ്

**വിഷയം-** പൊതുവിദ്യാഭ്യാസ വകുപ്പ് - ഹ.സെ.വി.- മെറിറ്റ്-കം-മീൻസ് (ബി.പി.എൽ.) സ്കോളർഷിപ്പ് 2019-20 - പ്ലസ്ടു വിദ്യാർത്ഥികളുടെ റിന്യൂവൽ നടത്തിയിട്ടില്ലാത്ത സ്കൂളുകൾക്കുള്ള നിർദ്ദേശം - സംബന്ധിച്ച്.

**സൂചന-** 1) 06/02/2020 തീയതിയിലെ ഇതേ നമ്പർ സർക്കുലർ.
2) 03/12/2019 തീയതിയിലെ ഇതേ നമ്പർ സർക്കുലർ.

ഈ വർഷത്തെ (2019-20) ബി.പി.എൽ. സ്കോളർഷിപ്പിന്റെ പ്ലസ്ടു വിദ്യാർത്ഥികൾക്കുള്ള (എസ്.സി./എസ്.ടി., ആർട്സ്/സ്പോർട്സ്/ ഭിന്നശേഷി വിഭാഗക്കാരുടെ) റിന്യൂവലിനുള്ള അപേക്ഷ സമർപ്പിക്കുന്നതിൽ വീഴ്ച വരുത്തിയ സ്കൂളധികൃതർ ഐ.സി.റ്റി. സെല്ലിൽ നേരിട്ടെത്തി ആയത് പൂർത്തിയാക്കണമെന്ന് സൂചന (1) ലെ സർക്കുലർ മുഖാന്തിരം നിർദ്ദേശം നൽകിയിരുന്നു. എന്നാൽ പരീക്ഷാ ക്രമീകരണങ്ങൾ നടക്കുന്നതിനാൽ ആയതിൽ ഒരിളവുകൂടി നൽകണമെന്ന സ്കൂൾ പ്രിൻസിപ്പൽമാരുടെ അഭ്യർത്ഥന മാനിച്ച്, ആയവർക്ക് നേരിട്ട് ഹാജരാകുന്നതിൽ നിന്നും ഇളവ് അനുവദിക്കുകയാണ്. ഇന്നു (10/02/2020) മുതൽ 12/02/2020 ന് വൈകിട്ട് 5 മണി വരെ, വീഴ്ച വരുത്തിയ സ്കൂളുകളിൽ നിന്നും റിന്യൂവൽ ഓൺലൈനായിത്തന്നെ ശേഖരിക്കുന്നതാണ്. ഇതിലേക്കായി ലിങ്ക് തുറന്നു നൽകിയിട്ടുണ്ട്. റിന്യൂവൽ എപ്രകാരം നിർവ്വഹിക്കണമെന്നത് സംബന്ധിച്ച് 03/12/2019 ലെ സർക്കുലറിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. ആയത് സ്കോളർഷിപ്പ് പോർട്ടലിൽ ലഭ്യമാണ്. ഇതനുസരിച്ച് വേണം നടപടികൾ പൂർത്തിയാക്കേണ്ടത്.

ഏതെങ്കിലും വിദ്യാർത്ഥികൾക്ക് റിന്യൂവലിന് അർഹതയില്ലെങ്കിൽ 'No' എന്നുതന്നെ സെലക്ട് ചെയ്യണം; അല്ലാതെ പ്രസ്തുത വിദ്യാർത്ഥികൾക്ക് യാതൊന്നും രേഖപ്പെടുത്താതെ അയയ്ക്കരുത്. അപ്രകാരം ചെയ്താൽ ഡാറ്റ എൻട്രി ചെയ്യാത്ത സ്കൂളായിത്തന്നെ വീണ്ടും ലിസ്റ്റുചെയ്യപ്പെടുമെന്ന് ഓർമ്മപ്പെടുത്തുന്നു.

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ(അക്കാഡമിക്)
ജോയിന്റ് ഡയറക്ടർക്കുവേണ്ടി